ശ്രീ. പി. സി. മാത്യുവിന്റെ വീട്ടുകരം സംബന്ധിച്ച അപേക്ഷ

209 (3186) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം ജില്ലയിലെ കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വീട്ടുകരം സംബന്ധിച്ച് ശ്രീ. പി. സി. മാത്യു ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷയിൻമേലുള്ള 46904/LSGD/RC2/2011 നമ്പർ ഫയലിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് അറിയാമോ ; വ്യക്തമാക്കാമോ ;

(ബി) അപേക്ഷയിൽ പറയുന്ന ആവശ്യം നിരസിച്ചതായോ എന്ത് നടപടി സ്വീകരിച്ചു എന്നതിനെക്കുറിച്ചോ ശ്രീ. മാത്യുവിന് അറിയിപ്പ് നൽകിയിട്ടുണ്ടോ ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) ഇക്കാര്യങ്ങൾ സംബന്ധിച്ച് കടപ്ലാമറ്റം ഗ്രാമപഞ്ചായത്തിനോട് റിപ്പോർട്ട് തേടിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പഞ്ചായത്ത് നൽകിയിരിക്കുന്ന മറുപടിയുടെ കോപ്പി നൽകാമോ ?

ഉത്തരം

(എ) കോട്ടയം ജില്ലയിലെ കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വീട്ടുകരം സംബന്ധിച്ച് ശ്രീ. പി. സി. മാത്യു ബഹു. മുഖ്യമന്ത്രി മുമ്പാകെ 46904/എൽ.എസ്.ജി.ഡി./ആർ.സി./2011 നമ്പർ പ്രകാരം പരാതിക്കാരൻ കെട്ടിടത്തിന് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച വസ്തു നികുതി കൂടുതലാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ പരാതിയിന്മേൽ ഉചിത നടപടികൾ സ്വീകരിക്കുന്നതിനും നടപടി വിവരം പരാതി കക്ഷിയെ അറിയിക്കുന്നതിനും കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ശ്രീ. പി. സി. മാത്യു, തന്റെ കെട്ടിടത്തിന്റെ വസ്തു നികുതി വർദ്ധനവ് സംബന്ധിച്ച് സമർപ്പിച്ച പരാതിയിന്മേൽ ഉചിത നടപടികൾ സ്വീകരിക്കുന്നതിന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ 12-1-2015-ലെ സി3/49808/2014 നമ്പർ കത്ത് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരം പരാതിക്കാരനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗ്രാമപഞ്ചായത്തിന്റെ റിപ്പോർട്ട് തേടിയിട്ടില്ല. എന്നാൽ ശ്രീ. പി. സി. മാത്യു, കുടിയാംകുറ്റി, കടപ്ലാമറ്റം എന്നയാൾ വീട്ടുകരം ഇളവ് ചെയ്യണമെന്നാവശ്യപ്പെട്ട് ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയിരുന്നു. പരാതിക്കാരന്റെ ഉടമസ്ഥതയിൽ 2009-10 വർഷം നിർമ്മിച്ച കെട്ടിടത്തിന് വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 2673 രൂപ നികുതി നിശ്ചയിച്ച് V/142 സി കെട്ടിടനമ്പർ നൽകുകയും തുടർന്ന് ടിയാൻ നികുതി കുറവ് ചെയ്യുന്നതിനായി ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച അപേക്ഷ പരിഗണിച്ച് 5% ഇളവ് അനുവദിച്ച് കെട്ടിടനികുതി 2539 രൂപയായി കുറവ് ചെയ്തിട്ടുണ്ട്.

കേരള ക്ലേയ്സ് & സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്

210 (3187) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഫാക്ടറിയോ വ്യവസായ യൂണിറ്റോ ആരംഭിക്കുന്നതിന് ഗ്രാമ പഞ്ചായത്തിന്റെ അനുമതിയും ലൈസൻസും ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്യുന്ന കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 233 പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമല്ലെന്ന് വ്യവസ്ഥ ചെയ്യുന്ന മറ്റേതെങ്കിലും നിയമങ്ങൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(ബി) കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 233 പ്രകാരം കാസർഗോഡ് ജില്ലയിലെ കിനാനൂർ-കരിന്തളം പഞ്ചായത്തിൽ തലയാട്ടുക്കത്ത് പ്രവർത്തിക്കുന്ന കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട് ലിമിറ്റഡ് കമ്പനിയുടെ ലാറ്ററൈറ്റ് ഖനിക്ക് ഗ്രാമപഞ്ചായത്ത് അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ;

(സി) അനുമതി ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനം അടച്ചു പൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഫാക്ടറിയോ വ്യവസായ യൂണിറ്റോ ആരംഭിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അനുമതിയും ലൈസൻസും ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്യുന്ന കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 233 പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാണ്. എന്നാൽ 2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്ട് പ്രകാരം ഇന്ത്യൻ ഭരണഘടനയുടെ 243 കൃ അനുഛേദം (1)-ാം ഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധനപ്രകാരം വ്യാവസായിക പട്ടണമായി വിജ്ഞാപനം ചെയ്തിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly